**അറിയിപ്പ്**

മി.സ്പീക്കർ: ഓർഡർ.. ഓർഡർ..

ഭരണപരമായ ചില അടിയന്തര യോഗങ്ങളിൽ പങ്കെടുക്കുന്നതിലേയ്ക്കായി ഈ മാസം 20-ാം തീയതി ന്യൂഡൽഹിയിൽ എത്തിച്ചേരേണ്ട സാഹചര്യം സംജാതമായതിനാൽ അന്നേ ദിവസത്തേയ്ക്ക് തീരുമാനിച്ച ബിസിനസ്സുകളിൽ ഒരു ക്രമീകരണം നടത്തണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി, ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി എന്നിവർ ആവശ്യപ്പെട്ടിട്ടുണ്ട്. ചെയർ ഇക്കാര്യം പരിശോധിക്കുകയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുമായി ചർച്ചചെയ്യുകയും ചെയ്തു. ഈ സാഹചര്യത്തിൽ 2025 ഫെബ്രുവരി 13-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ 16-ാമത് റിപ്പോർട്ടുകളിലെ ശിപാർശകളിൽ സഭയുടെ അനുമതിയോടെ ഭാഗികമായ ഭേദഗതി വരുത്തിക്കൊണ്ട് 2025 മാർച്ച് 19, 20 തീയതികളിൽ സഭ പരിഗണിക്കാൻ തീരുമാനിക്കപ്പെട്ടിരുന്ന ബിസിനസ്സുകൾ പരസ്പരം

മാറ്റിയിരിക്കുന്നതായി അറിയിക്കുന്നു.